**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2493** **21-01-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കോൾ മേഖലയിലെ സുസ്ഥിര വികസനത്തിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന 298.38 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി സുഗമമായ വൈദ്യുതി വിതരണത്തിന് ട്രാൻസ്ഫോർമർ ഉൾപ്പെടെ ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | കോൾ മേഖലയിലെ സുസ്ഥിര വികസനത്തിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന 298.38 കോടി രൂപയുടെ പദ്ധതിയുടെ ഭാഗമായി സുഗമമായ വൈദ്യുതി വിതരണത്തിന് ട്രാൻസ്ഫോർമർ ഉൾപ്പെടെ ആധുനിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് കെ. എസ്.ഇ.ബി. ലിമിറ്റഡ് 8.93 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ടമായി 3.76 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുമതിക്കായുള്ള നടപടികൾ കൈകൊണ്ട് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, ജില്ലകളിലായി 126 പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികളിൽ 100kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് 95 എണ്ണം, 160kVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് 3 എണ്ണം, Communicative Fault Pass detector- 333 എണ്ണം, HT ABC ലൈൻ വലിക്കുന്നത് - 1.615 km, പുതിയ 11kV ലൈൻ വലിക്കുന്നത് - 18.251km തുടങ്ങിയവയും അനുബന്ധ പ്രവർത്തികളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 3.76 കോടി രൂപയുടെ 63 പ്രവൃത്തികൾ ആദ്യ ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | പ്രസ്തുത പദ്ധതി പ്രകാരം മണലൂർ നിയോജക മണ്ഡലത്തിൽ ആകെ 68,70,323 രൂപയുടെ (അറുപത്തെട്ട് ലക്ഷത്തി എഴുപതിനായിരത്തി മുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ) പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, തുടർ നടപടികൾ കൈക്കൊണ്ടുവരുന്നു. ടി പ്രവൃത്തികളിൽ 1450 mtr ലൈൻ വലിക്കൽ, 10 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ